Vol. 2 Issue 322

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

693

# ഇസ്രായേലിൽ ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിക്കുന്നു

യിസ്രായേലിൽ ക്രൈസ്തവ സമൂഹം ഏറ്റവും കൂടുതലായി ഉള്ളത് നസ്രത്തിലാണ്. ഹായിഫ്, ജെറുസലേം, വടക്കൻ സിറ്റി, ഇഷ്ഫാം എന്നീ നഗരങ്ങൾ തൊട്ടുപിന്നിലുണ്ട്. അതേസമയം യിസ്രയേൽ ഹമാസ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇക്കൊലം വളരെ ലളിതമായ രീതിയിലാണ് യിസ്രായേലിലെ ക്രൈസ്തവർ ക്രിസ്തുമസ് ആഘോഷിക്കുക. ഇതിനിടെ ജെറുസലേം മുനിസിപ്പാലിറ്റി പതിവ് തെറ്റിക്കാതെ ഇക്കൊല്ലവും സൗജന്യ ക്രിസ്തുമസ് ട്രീകൾ വിതരണം ചെയ്യുന്നുണ്ട്.



എഡിറ്റോറിയൽ

# ക്രിസ്ത്യൻ ലൈവ്

2023 ഡിസംബർ 23 ശനി

## മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ?

**യ**ഹോവയുടെ കൈ എന്റെ മേൽ വന്നു, യഹോവയുടെ ആത്മാവിനാൽ എന്നെ പുറപ്പെടുവിച്ചു. അവൻ എന്നെ വാഴ്വരയുടെ നടുവിൽ നിറുത്തി. അത് അസ്ഥികൾ നിറഞ്ഞതായിരുന്നു. അവൻ എന്നെ അതിന്റെ ഇടയിൽ കൂടി ചുറ്റിച്ചു നടക്കുമാറാക്കി. അവ ഏറ്റവും അധികവും, ഏറ്റവും ഉണങ്ങിയവയുമായിരുന്നു (യെഹ.37: 12). നീണ്ടുപരന്നു കിടക്കുന്ന അസ്ഥിക്കൂമ്പാരങ്ങൾ. കൈയ്യും കാലും, തലയും തകർന്ന് തരിപ്പണമായി ചിതറിക്കിടക്കുന്നു. താഴ്വരയിൽ നിൽക്കുന്ന യെഹസ്കേലിനോട് ദൈവം ചേദിക്കുന്നുമനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ? പ്രതീക്ഷയില്ലാത്ത, ഉണങ്ങിപ്പോയ, ചിതറിക്കിടക്കുന്ന അസ്ഥികളുടെ എണ്ണം അവിടുന്നറിയുന്നു, ഇതിന്റെ ഭാവി അവിടുന്നറിയുന്നു. അസ്ഥികളുടെ എണ്ണം അവിടുന്നുമറിയുന്നു, ഇതല്ലേ പലപ്പോഴും നമ്മുടെ സാഹചര്യങ്ങൾപ്രിതീക്ഷകൾ തകർന്നു തരിപ്പണമായ ജീവിതം, വഴിതെറ്റിപ്പോകുന്ന തലമുറകൾ, രോഗം കാർന്നുതിന്ന ശരീരം, പൊട്ടിത്തകരുന്ന ബിസ്സിനസ്സുകൾ ആടിയുലയുന്ന കുടുംബബന്ധങ്ങൾ. ഇവയെ നോക്കി ദൈവം നിങ്ങളോട് ചോദിക്കുന്നു ഇതും വീണ്ടും ജീവിക്കുമോ ? ഈ അവസ്ഥയ്ക്ക് എന്തെങ്കിലും വ്യത്യാസം ഉണ്ടാകും എന്ന് നീ വിശ്വസിക്കുന്നുവോ? ധൈര്യത്തോടെ, വിശ്വാസത്തോടെ പറയുക കർത്താവെ അവിടുന്നറിയുന്നു. ഞാൻ അവിടുത്തെ വചനത്തിൽ വിശ്വസിക്കുന്നു അത്ഭുതങ്ങളിൽ വിശ്വസിക്കുന്നു, ഉണങ്ങിയ അസ്ഥികളിലേക്ക് വചനത്തിന്റെ ശക്തി വ്യാപിച്ചപ്പോൾ, ആത്മാവിന്റെ കാറ്റടിച്ചപ്പോൾ, മാംസവും ത്വക്കും ഞരമ്പും വന്നുചേർന്ന് ചിതറിക്കിടന്നത് അതാതു സ്ഥാനങ്ങളിൽ കൂട്ടിച്ചേർന്ന്, ശ്വാസം വന്ന് കാലൂന്നി നിവർന്നു നിന്നതു പോലെ, വിശ്വാസ കണ്ണുകളാൽ കാണാം. നമ്മുടെ അവസ്ഥകളിൽ ജീവൻ വ്യാപിക്കുന്നത് തകർന്നവ പണിയപ്പെടുന്നത്, ഉണങ്ങിയത് തളിർക്കുന്നത്. വാടി കുഴഞ്ഞത് കരുത്തേറ്റെടുക്കുന്നത്, തളർന്നത് കുതിച്ചെഴഉന്നേൽക്കുന്നത്. പ്രയാസങ്ങളെ , ക്ഷീണിച്ച വശങ്ങളെ വിശ്വാസത്തിന്റെ കരത്താൻ തൊട്ട് ഉറക്കെ പറയുക യേശുവിന്റെ നാമത്തിൽ ഇതു ചലിക്കുന്നു, ചൈതന്യം പ്രപിക്കുന്നു. നിങ്ങളുടെ എല്ലാ ചോദ്യളും ഉത്തരങ്ങൾക്ക് വഴിമാറട്ടെ...



പാസ്റ്റർ ഷിബു തോമസ് ഓക്ലഹോമ

## ഡബ്ല്യുഎംസി സംസ്ഥാനതല വാർഷിക സമ്മേളനം

പുനലൂർ :അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സഹോദരിമാരുടെ പുത്രിക സംഘടനയായ ഡബ്ല്യുഎംസി ഈ വർഷത്തെ സഹോദരിമാർക്കായുള്ള സംസ്ഥാനതല സമ്മേളനം ഡിസംബർ 26,27 (ചൊവ്വ, ബുധൻ) തീയതികളിൽ പുനലൂർ ബഥേൽ ബൈബിൾ കോളേജിൽ നടത്തുവാൻ ഡിസ്ട്രിസ്ട് ഡബ്ല്യുഎംസി കമ്മറ്റിയും സെക്ഷൻ ഡബ്ല്യുഎംസി പ്രസിഡന്റുമാരും ഡിസ്ട്രിക്ട് സൂപ്രണ്ട് റവ.ടിജെ സാമുവേലിന്റെ നേതൃത്വത്തിൽ കൂടി തീരുമാനിച്ചിരിക്കുന്നു. 'നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക' എന്നതാണ് സമ്മേളനത്തിന്റെ ചിന്താവിഷയം.

അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സഭാ സൂപ്രണ്ട് റവ. ടിജെ സാമുവേൽ പ്രാർത്ഥിച്ചു ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ സിസ്.റീജ ബിജു,കൊട്ടാരക്കര മുഖ്യ പ്രഭാഷകയാകും കൂടാതെ മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി റവ.തോമസ് ഫിലിപ്പ് ഡബ്ല്യുഎംസി എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും സമ്മേളനത്തിൽ വിവിധ സെക്ഷനുകളിൽ പ്രഭാഷകരായിരിക്കും. ഡബ്ല്യുഎംസി ക്വയറും ടീമിനോടൊപ്പം പാസ്റ്റർ.ബിനോയ് എബ്രഹാം പന്തളം സമ്മേളനത്തിൽ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും.




## ദൈവമുണ്ടെന്ന് വചനം പഠിപ്പിക്കുന്നു


**അ**നുദിനജീവിതത്തിന് ആവശ്യമായ ആത്മീകവും ഭൗതികവുമായ എല്ലാ കാര്യങ്ങളും ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട്. ദിവസവും ക്രിസ്തുവിൽ ആശ്രയിച്ചു ഭയം കൂടാതെ ജീവിക്കാൻ വചനം എന്നെ സഹായിക്കുന്നു.

ഈ ലോകജീവിതം മാത്രമല്ല വരുവാനുള്ള സ്വർഗ്ഗരാജ്യത്തിന് വേണ്ടിയും കാത്തിരുന്ന് വിശുദ്ധിയോടെ ജീവിക്കാൻ അത് എന്നെ സഹായിക്കുന്നു. ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ദൈവിക സ്നേഹത്തിൽ മറ്റുള്ളവരെ സ്നേഹിക്കാനും ബഹുമാനിക്കാനും മറ്റുള്ളവരെ എന്നേക്കാൾ ശ്രേഷ്ഠരായി കാണുവാനും വചനം സഹായിക്കുന്നു. സകലതിനും ഉടയവനായ ഒരു ദൈവമുണ്ടെന്നു വചനം വ്യക്തമായി പഠിപ്പിക്കുന്നു.



ജിഷ സാബു,
ഐപിസി കർമ്മേൽ,
ദുബായ്

ക്രിസ്ത്യൻ ലൈവ് യുഎഇ എഴുത്തു മത്സരം




AL QTR TOURISM
Quality Tourism Resources

### പത്തനാപുരത്ത് 13.75 സെന്റ് സ്ഥലം വില്പനയ്ക്ക്
(For Urgent Sale)

പ്രശാന്ത സുന്ദരമായ പത്തനാപുരം ശാലേംപുരം (ഇരുപത്തി ആറാം കുറ്റി) ചെങ്കിലാത്തു റൂട്ടിൽ( ഐപിസി ചർച്ചിനും എ ജി ചർച്ചിനും) ഇടയിൽ നല്ല ഹൗസ് പ്ലോട്ട് ഉടൻ വില്പനയ്ക്ക്. 13.75സെന്റ്.2 വീടുവെയ്ക്കാൻ വളരെ അനുയോജ്യമായ നല്ല ഫ്രണ്ടേജ് .

ടാർ റോഡ്, ക്രിസ്ത്യാനി ഏരിയ,വെള്ളപൊക്കം ഇല്ലാത്ത ഏരിയ,വൈദ്യുതി, വെള്ളം,വഴി തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. താല്പര്യമുള്ളവർ നേരിട്ട് വിളിക്കുക.

ഫോൺ: +971506948206 (അബുദാബി)
+919526713475 (വാട്സ്ആപ്പ്)

### Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:*
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas ,
Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

# ആനുകാലിക, പത്ര രജിസ്ട്രേഷൻ പ്രക്രിയ ലഘൂകരിക്കുന്നതിനുള്ള ബിൽ പാർലമെന്റ് പാസാക്കി



ന്യൂഡൽഹി: പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണത്തിൽ കേന്ദ്ര സർക്കാർ കൈകടത്തൽ അനുവദിക്കുന്ന പത്ര, ആനുകാലിക രജിസ്ട്രേഷൻ ബിൽ പാസാക്കി ലോക്സഭ. പ്രതിപക്ഷ എം.പിമാരെ കൂട്ടത്തോടെ സസ്പെൻഡ് ചെയ്ത പശ്ചാത്തലത്തിൽ എതിർപ്പുകൾ ഉയർന്ന നിരവധി ബില്ലുകൾ ഇതിനകം ലോക്സഭയിൽ പാസാക്കിയിരിക്കുകയാണ്.

ഓഗസ്റ്റിൽ രാജ്യസഭ പാസാക്കിയ ബിൽ പത്രങ്ങളുടെ നടത്തിപ്പിൽ കേന്ദ്ര സർക്കാരിന് അതിക്രമിച്ചു കടക്കാനുള്ള വ്യവസ്ഥകളുണ്ടെന്ന് എഡിറ്റേഴ്സ് ഗിൽഡ് നേരത്തെ ആരോപിച്ചിരുന്നു. 1867ലെ പത്ര, പുസ്തക രജിസ്ട്രേഷൻ നിയമത്തിന് പകരമുള്ളതാണ് പുതിയ ബിൽ. ബില്ലിൽ രാഷ്ട്രപതി ഒപ്പുവെക്കുന്നതോട് കൂടി നിയമമാകും.

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഉടമയോ പ്രസാധകനോ നിയമവിരുദ്ധ പ്രവർത്തനത്തിലോ രാജ്യസുരക്ഷയ്ക്ക് എതിരായ പ്രവർത്തനത്തിലോ ശിക്ഷിക്കപ്പെട്ടാൽ പ്രസിദ്ധീകരണത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കും. 1967ലെ യു.എ.പി.എ നിയമപ്രകാരമാണ് ഉടമകൾ നിയമവിരുദ്ധ പ്രവർത്തനം നടത്തിയോ എന്ന് നിർവചിക്കുക. പ്രസിദ്ധീകരണങ്ങളുടെ ഉടമകളുടെയും പ്രസാധകരുടെയും പക്കലുള്ള ഏത് രേഖയും പരിശോധിക്കുവാനും പിഴ ചുമത്താനും പുതിയ നിയമപ്രകാരം രജിസ്ട്രാർ ജനറലിന് അധികാരമുണ്ട്. ആനുകാലികങ്ങൾ ഇന്ത്യയിൽ മാത്രമേ അച്ചടിയും പ്രസാദനവും നടത്താവൂ എന്നും നിയമം പറയുന്നു. അതേസമയം പുസ്തകങ്ങൾ ഒഴിവാക്കിയാണ് പുതിയ നിയമമെന്ന് ലോക്സഭയിൽ ബില്ലിന്മേലുള്ള ചർച്ചയിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണമന്ത്രി അനുരാഗ് ഠാക്കൂർ പറഞ്ഞു.

ആനുകാലികങ്ങളുടെ രജിസ്ട്രേഷൻ പുതുക്കാനും സസ്പെൻഡ് ചെയ്യാനും അധികാരമുള്ള പ്രസ് രജിസ്ട്രാർ ജനറൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ ബാധ്യസ്ഥമായിരിക്കും. പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും നടത്തിപ്പിൽ കേന്ദ്രസർക്കാരിന് അതിക്രമിച്ചു കടക്കാൻ കഴിയുന്ന ഭീകര വ്യവസ്ഥകൾ ഉൾപ്പെടുത്തിയ പുതിയ ബിൽ പാർലമെന്ററി സ്ഥിര സമിതിക്ക് വിടണമെന്ന് എഡിറ്റേഴ്സ് ഗിൽഡ് ആവശ്യപ്പെട്ടു. അതേസമയം തീവ്രവാദ കേസിൽ പെട്ടവരെ പത്രം നടത്താൻ അനുവദിക്കരുതെന്നും ജയിലിൽ അയക്കുകയാണ് വേണ്ടതെന്നും എഡിറ്റേഴ്സ് ഗിൽഡിന്റെ വിമർശനത്തിന് അനുരാഗ് ഠാക്കൂർ മറുപടി നൽകി.

# ഐപിസി അട്ടപ്പാടി സെന്റർ കൺവൻഷനു തുടക്കമായി

പാലക്കാട്: അട്ടപ്പാടി സെന്റർ 27-ാം മത് കൺവൻഷൻ അഗളി ക്യാമ്പ് സെൻററിൽ ഡിസംബർ 22 വെള്ളി വൈകിട്ട് ആരംഭിച്ചു. പാസ്റ്റർ എം.വി മത്തായി പാലക്കാട് നോർത്ത് സെന്റർ മിനിസ്റ്റർ ഉത്ഘാടനം ചെയ്തു. ഐപിസി യിലെ സീനിയർ ശുശ്രൂഷകനും ഒട്ടേറെ സഭകളുടെ തുടക്കക്കാരനുമായ പാലക്കാട് നോർത്ത് സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.വി.മത്തായിയെ അട്ടപ്പാടി സെന്റർ ആദരിച്ചു. കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ മോമ്മന്റോ നൽകി. പാസ്റ്റർ എം.വി.മത്തായി പാലക്കാട് ജില്ലയിൽ 50 വർഷത്തിലേറെയായി വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വരുന്നു. അട്ടപ്പാടി സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.ജെ. മത്തായി അധ്യക്ഷത വഹിച്ചു.കേരള സ്റ്റേറ്റ് കൗൺസിൽ മെമ്പർ എബ്രഹാം വടക്കേത്ത് ആശംസകൾ അറിയിച്ചു.

## നവകേരള സദസിന്റെ പ്രഭാത യോഗത്തിൽ കെ.സി തോമസ് പങ്കെടുത്തു

തിരുവനന്തപുരം :നവകേരള സദസിന്റെ സംസ്ഥാന തലത്തിലുള്ള സമാപന യോഗത്തിൽ ഐ പി സി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ സി തോമസ് സർക്കാരിന്റെ പ്രത്യേക ക്ഷണിതാവായി തിരുവനന്തപുരത്ത് ഇന്ന് പങ്കെടുത്തു.

പെന്തക്കോസ്ത് സഭാവിഭാഗങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾ നവകേരള സദസ്സിൽ പങ്കെടുത്ത പാസ്റ്റർ കെ സി തോമസ് ബന്ധപ്പെട്ട മന്ത്രിമാരുമായി സംസാരിക്കുകയും പതിറ്റാണ്ടുകളായി ഉപയോഗിച്ചു വരുന്നതും, മാത്രമല്ല ലൈസൻസ് ഉള്ളതുമായ സെമിത്തേരികളിൽ പോലും സാമൂഹിക വിരുദ്ധർ പലവിധ പ്രതിസന്ധികൾ സൃഷ്ടിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടി ഉണ്ടാകണമെന്ന് വാക്കാലും രേഖാമൂലവും ആവശ്യപ്പെടുകയും ചെയ്തതായി ക്രിസ്ത്യൻ ഐക്യവേദി കൺവീനറും, മെസഞ്ചേഴ്സ് ഓഫ് ജീസസ് പ്രസിഡണ്ടുമായ പാസ്റ്റർ കുര്യാക്കോസ് എം കുടക്കച്ചിറ അറിയിച്ചു.

# ഐപിസി മുംബൈ വെസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ

മുംബൈ : ഐപിസി മുംബൈ വെസ്റ്റ് ഡിസ്ട്രിക്ട് 29 മത് കൺവൻഷൻ ജനുവരി 5 മുതൽ 7 വരെ ഭയെന്ദേർ റെയിൽവേ സ്റ്റേഷൻ സമീപം ശ്രീ സീതാറാം ദേവാജി ചൗദരി സഭാ ഗൃഹയിൽ നടക്കും. ഡിസ്ട്രിക്ട് പ്രസിഡന്റും സ്റ്റേറ്റ് സെക്രട്ടറിയും ആയ പാസ്റ്റർ കെ. എ മാത്യു ഉദ് ഘാടനം ചെയ്യും. പാസ്റ്റർ വി. പി ഫിലിപ് പ്രസംഗിക്കും. സജി സാമുവേൽ & ടീം ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

ജനുവരി 5 വെള്ളിയാഴ്ച ജനുവരി 6 ശനിയാഴ്ച എന്നീ ദിവസങ്ങളിൽ വൈകിട്ട് 6.30 മുതൽ 9.30 വരെ സുവിശേഷ സമ്മേളനവും 6 ശനി രാവിലെ 10.30 മുതൽ 1 വരെ ബൈബിൾ ക്ലാസ് 3 മണി മുതൽ 4 വരെ മധ്യസ്ഥ പ്രാർത്ഥനയും നടക്കും. ജനുവരി 7 ഞായർ രാവിലെ 9.30 മുതൽ സംയുക്ത ആരാധനയും നടക്കും. പാസ്റ്റർ കെ എ മാത്യു (പ്രസിഡന്റ്) പാസ്റ്റർ വില്യം ജോർജ് (വൈസ് പ്രസിഡന്റ്) പാസ്റ്റർ പ്രബിൻ ടി വറുഗീസ് (സെക്രട്ടറി) യോഹന്നാൻ സാമുവേൽ (ജോ.സെക്രട്ടറി) ജോസ് ദാനിയേൽ (ട്രഷറർ) എന്നിവർ നേതൃത്വം നൽകും.

# പവർ കോൺഫറൻസ് 2024 ഏപ്രിൽ 18മുതൽ

പത്തനംതിട്ട: ഇമ്മാനുവേൽ ഫെയ്ത്ത് മിനിസ്ട്രീസ് ഇന്റർനാഷനലിന്റെയും ( I F M I ) പതിനഞ്ചിൽ അധികം പെന്തക്കോസ്ത് സഭകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഏപ്രിൽ 18 വ്യാഴം രാവിലെ 9 മണി മുതൽ 20 ശനി ഉച്ചക്ക് 1 മണി വരെ പവർ കോൺഫറൻസ് പത്തനംതിട്ട തടിയൂർ ഐ എഫ് എം ഐ ക്യാമ്പ് സെന്ററിൽ നടക്കും. പാസ്റ്റർമാരായ ടി ജെ ശാമുവേൽ, ഡോ ഐസക് വി മാത്യു, ടി എ ശാമുവേൽ, വർഗ്ഗീസ് ബേബി, ടി എ ശാമുവേൽ, വർഗ്ഗീസ് ബേബി, ജോമോൻ കുരുവിള, പി എം ജോർജ്ജ്, റോബി ജേക്കബ് മാത്യു, ബെഞ്ചമിൻ എം ചാക്കോ, ടി എ വർഗ്ഗീസ് എന്നിവർ കോൺഫറൻസ് സെഷനുകൾക്ക് നേതൃത്വം നൽകും.

പ്രവേശനം ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക് മാത്രം. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ റ്റി. എ ശാമുവേൽ +91 952 60 35043 +96 5667 29391.

ക്രിസ്ത്യൻലൈവ് ദിനപത്രം

## കുടുംബപ്രാർത്ഥനാ സഹായി

**ആഫ്രിക്കയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.**

### കൊമോറസ്



**തലസ്ഥാനം:** മൊറോണി
**ഭാഷ:** ഷിക്കോമോർ, അറബി, ഫ്രഞ്ച്
**ജനസംഖ്യ:** 852,075
**പ്രസിഡണ്ട്:** അസാലി അസൗമാനി
**മതം :** ഇസ്ലാം

**ഇന്നത്തെ പ്രാർത്ഥനാ വിഷയങ്ങൾ**

- വർദ്ധിക്കുന്ന എതിർപ്പുകളുടെയും പീഡനങ്ങളും മധ്യത്തിൽ കൊമോറസിലെ എല്ലാ ദ്വീപുകളിലേക്കും സുവിശേഷം എത്താനായി പ്രാർത്ഥിക്കുമോ?
- അന്ധവിശ്വാസങ്ങളിലും മാന്ത്രികവിദ്യകളിലും മായാജാലങ്ങളിലും കുടങ്ങിക്കിടക്കുകയാണ് ജനം. മോചനത്തിനായി പ്രാർത്ഥിക്കുക.
- വലിയ ഭീഷണികളുടെ മധ്യത്തിലും ആരാധന നടത്തുന്ന ചെറിയ കൂടിവരവുകൾ ധാരാളം. വിശ്വാസികളുടെ ധൈര്യത്തിനായി പ്രാർത്ഥിക്കുക

കൊമോറോസിലെ വിശ്വാസ സമൂഹത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കായി പ്രാർത്ഥിക്കുക. ജോലിയിൽ അവർ വിശ്വസ്തരാകട്ടെ! അനുഗ്രഹിക്കപ്പെടട്ടെ!

**നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ വാട്സാപ് ചെയ്യുക:**
Contact us: +91 98465 52220, +91 99619 33322

**ആവശ്യമുണ്ട്**

മധ്യതിരുവിതാംകൂറിലെ ഒരു ക്രിസ്തീയ മാധ്യമ സ്ഥാപനത്തിൽ പ്രവർത്തിക്കാൻ പത്രപ്രവർത്തനത്തിൽ താല്പര്യമുള്ളയാളിനെ ആവശ്യമുണ്ട്. മലയാള ഭാഷയിലുള്ള അറിവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത.
Contact 9645335275

**ആവശ്യമുണ്ട്**

കുമ്പനാട് പുല്ലാടിനടുത്തുള്ള വീട്ടിൽ മാതാവിനൊപ്പം വിശ്വസ്തതയോടെ താമസിക്കുവാൻ താല്പര്യമുള്ള പെന്തക്കോസ്ത് വിശ്വസിയായ സഹോദരിയെ ആവശ്യമുമുണ്ട്. മാന്യമായ ശമ്പളം നൽകുന്നതാണ്.
ഫോൺ 0091 9495978594
വാട്സാപ് : 00973 33276757, 7907955537

## ഐസിപിഎഫ് കോഴിക്കോട് ചാപ്റ്റർ ഒരുക്കുന്ന യൂത്ത് ക്യാമ്പ്

കോഴിക്കോട് :ഐസിപിഎഫ് കോഴിക്കോട് ചാപ്റ്റർ ഒരുക്കുന്ന യൂത്ത് ക്യാമ്പ് ഡിസംബർ 26 മുതൽ 28 വരെ കോഴിക്കോട് സിറ്റിയിൽ എരഞ്ഞിപ്പാലം നവജ്യോതിസ് റിന്യൂവൽ സെന്ററിൽ നടക്കും. 'ഡിസ്കവർ ദ് പർപ്പസ് 'എന്നതാണ് ക്യാമ്പ് തീം ഡോ. സജികുമാർ കെ പി ഡോ. ജെയിംസ് ജോർജ് സുവി.ഉമ്മൻ പി ക്ലമെന്റ്സ് സുവി. സുനിൽ കുമാർ തുടങ്ങിയവർ വിവിധ സെഷനുകളിൽ ക്ലാസ്സുകൾ നയിക്കും. ഇവാ. ബോബു ഡാനിയേൽ, പ്രിൻസ്. ടി, സുജാസ് റോയ് ചീരൻ, വിപിൻ കെ യു, ഫിലോസ് ജോൺ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകും.

# റാസ് അൽ ഖൈമയിൽ കരോൾ സർവ്വിസ്



റാസ് അൽ ഖൈമ: സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയത്തിലെ ഒരു മാസത്തോളം നീണ്ടു നിന്ന ക്രിസ്തുമസ്സ് കരോൾ പ്രോഗ്രാം ഇടവക വികാരി ഫാ. സിറിൽ വർഗ്ഗീസ് വടക്കടത്ത് അച്ചന്റെ നേതൃത്വത്തിൽ ഇന്നലെ സമാപിച്ചു.

ജസീറ ദേവായത്തിലെ സന്ധ്യാനമസ്കാരങ്ങൾക്ക് ശേഷം നഖീൽ ദേവാലയത്തിൽ നിന്നാരംഭിച്ച കരോൾ സംഘം ഇടവകയിലെ എല്ലാഭവനങ്ങളും സന്ദർശിച്ച് ഗാനങ്ങൾ ആലപിച്ചിരുന്നു. ഇടവക സെക്രട്ടറിയും ക്വയർ മാസ്റ്ററുമായ സജി വർഗ്ഗീസ് ഗായക സംഘത്തിന് നേതൃത്വം നൽകി. ഇടവക ട്രസ്റ്റി ജെറി ജോണിന്റെ നേതൃത്വത്തിലുള്ള വിവിധ ഏരിയകളിലെ മാനേജിങ് കമ്മിറ്റിയംഗങ്ങളാണ് ആവശ്യമായ ക്രമികരണങ്ങൾ ഒരുക്കിയത്.

ക്രിസ്തുമസിനോട് ബന്ധപ്പെട്ട് 24 ഞായറാഴ്ച രാവിലെ 6.30 ന് നമസ്കാരവും എട്ടിന് വിശുദ്ധ കുർബ്ബാനയും വൈകിട്ട് 5.30 ന് കരോൾ സർവ്വീസും നടക്കും. ന്യൂ ഈയർ ശുശ്രൂഷയോട് അനുബന്ധിച്ച് 31 വൈകിട്ട് 6.30ന് നമസ്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും ഉണ്ടായിരിക്കും.ജനുവരി 7ന് വൈകിട്ട് ഗ്ലോറിയ മ്യൂസിക് പ്രോഗ്രാമും നടക്കും.

---

## അസഹിഷ്ണുത അവസാനിപ്പിച്ച് മലേഷ്യ; ക്രിസ്തുമസിനു ഭക്ഷ്യവസ്തുക്കളിൽ ആശംസകൾ എഴുതുന്നതിന് ഇനി നിയന്ത്രണമില്ല

ക്വാലാലംപൂർ: കഴിഞ്ഞ മൂന്നു വർഷമായി ക്രിസ്തുമസിനോട് അനുബന്ധിച്ച് ഭക്ഷ്യവസ്തുക്കളുടെ പ്രദർശനത്തിന് ഏർപ്പെടുത്തിയ നിരോധനം മലേഷ്യ നീക്കി. ഇതോടെ മൂന്ന് വർഷമായി മലേഷ്യയിലെ ബേക്കറികളിൽ നിന്നും ഒഴിവാക്കിയിരിന്ന ക്രിസ്തുമസ് കേക്കുകൾ വില്പനയ്ക്കായി സജ്ജീവമായിരിക്കുകയാണ്. 2020 ലാണ് ഇസ്ലാമിക് ഡെവലപ്മെൻറ് ഡിപ്പാർട്ട്മെൻറ് ഓഫ് മലേഷ്യ, മുസ്ലിം ഇതര മതവിശ്വാസികളുടെ ഉത്സവ ആശംസകളോടെയുള്ള ഭക്ഷ്യവസ്തുക്കളുടെ പൊതു പ്രദർശനത്തിന് നിരോധനം ഏർപ്പെടുത്തിയത്. ഈ നിരോധനമാണ് ഇപ്പോൾ നീക്കിയിരിക്കുന്നത്. ഹലാൽ സർട്ടിഫിക്കറ്റ് ഉള്ള ബേക്കറികൾക്ക് കേക്കുകളിലോ സമാന ഭക്ഷ്യവസ്തുക്കളിലോ 'മെറി ക്രിസ്മസ്' ആശംസകൾ എഴുതുന്നതിന് ഇനി നിയന്ത്രണമില്ലെന്നു ഇസ്ലാമിക് ഡെവലപ്മെൻറ് ഡിപ്പാർട്ട്മെൻറ് ഓഫ് മലേഷ്യ കഴിഞ്ഞ ദിവസം പുറത്തിറക്കിയ പ്രസ്താവയിൽ അറിയിച്ചു.

കഴിഞ്ഞ വർഷത്തെ ക്രിസ്തുമസ് ആഘോഷത്തോട് അനുബന്ധിച്ച് ഉപഭോക്താക്കൾ 'മെറി ക്രിസ്മസ്' എന്നെഴുതിയ കേക്കുകൾ ആവശ്യപ്പെട്ടപ്പോൾ, തങ്ങളുടെ ഹലാൽ സർട്ടിഫിക്കറ്റ് നഷ്ടമാകുമെന്ന ഭയത്താൽ ബേക്കറി വ്യാപാരികൾ അത്തരം ആവശ്യങ്ങളെ അവഗണിച്ചിരുന്നെന്നു അന്താരാഷ്ട്ര മാധ്യമങ്ങളുടെ റിപ്പോർട്ടിൽ പറയുന്നു. ഇളവ് വന്നതോടെ മലേഷ്യയിലെ ഇസ്ലാമിക സർട്ടിഫിക്കറ്റുള്ള ബേക്കറികൾക്ക് ഇത്തരം ഭക്ഷ്യവസ്തുക്കൾ പ്രദർശിപ്പിക്കാനും വിൽക്കാനും സാധിക്കും. അതേസമയം ക്രിസ്തുമസ് ആശംസകളെഴുതിയ കേക്കുകളോ മറ്റ് ബേക്കറി ഉത്പന്നങ്ങളോ പൊതുവായി പ്രദർശിപ്പിക്കുന്നതിന് അനുമതിയുണ്ടോ എന്ന കാര്യത്തിൽ ആശയകുഴപ്പം നിലനിൽക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്.

# ഇസ്രായേലിൽ ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിക്കുന്നു



ടെൽ അവീവ്: ഇസ്രായേലിലെ സെൻട്രൽ ബ്യൂറോ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് (സി.ബി.എസ്) നടത്തിയ പഠനത്തിൽ രാജ്യത്ത് 2023ൽ ഇസ്രായേലിലെ ക്രൈസ്തവ ജനസംഖ്യയിൽ 1.3 ശതമാനത്തിന്റെ വർദ്ധനവ് രേഖപ്പെടുത്തി. ഇസ്രായേലിൽ നിലവിൽ ഏതാണ്ട് 1,87,900 ക്രൈസ്തവർ ഉണ്ടെന്നാണ് ഇക്കഴിഞ്ഞ വ്യാഴാഴ്ച പുറത്തുവന്ന കണക്കുകളിൽ പറയുന്നത്. മൊത്തം ജനസംഖ്യയുടെ 1.9 ശതമാനത്തോളം വരുമിത്. അതേസമയം മധ്യപൂർവ്വേഷ്യയിൽ സമീപവർഷങ്ങളിൽ ക്രൈസ്തവ ജനസംഖ്യയിൽ വളർച്ച രേഖപ്പെടുത്തിയ ഏക രാഷ്ട്രം യിസ്രായേൽ മാത്രമാണെന്നാണ് ജനസംഖ്യാപരമായ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഇസ്രായേലിലെ ക്രിസ്ത്യൻ ജനസംഖ്യയുടെ ഭൂരിഭാഗവും അറബ് വംശജരാണെന്നതും ശ്രദ്ധേയമാണ്.

ഇതിൽ 70 ശതമാനവും രാജ്യത്തിന്റെ വടക്കൻ മേഖലയിലാണ് താമസിച്ചു വരുന്നത്. 13 ശതമാനം മെട്രോപ്പോളിറ്റൻ പ്രദേശമായ ഹായിഫായിലും. അറബ് മേഖലയിലെ കുറ്റകൃത്യങ്ങളിൽ ഉണ്ടായ വർദ്ധനവിനെ തുടർന്നു ഹായിഫ്, നസ്രത്ത് തുടങ്ങിയ ഇസ്രായേലി നഗരങ്ങളിലേക്കുള്ള അറബ് കുടിയേറ്റം വർദ്ധിച്ചിട്ടുണ്ടെന്നു ഇക്കഴിഞ്ഞ സെപ്റ്റംബറിൽ ടാസ്പിറ്റ് പ്രസ്സ് സർവീസ് റിപ്പോർട്ട് ചെയ്തിരുന്നു. ഇസ്രായേലിലെ അറബ് വംശജരല്ലാത്ത ക്രൈസ്തവരിൽ 36 ശതമാനത്തോളം ടെൽ അവീവിലും, മധ്യ യിസ്രായേലിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്.

യിസ്രായേലിൽ ക്രൈസ്തവ സമൂഹം ഏറ്റവും കൂടുതലായി ഉള്ളത് നസ്രത്തിലാണ്. ഹായിഫ്, ജെറുസലേം, വടക്കൻ സിറ്റി, ഇഷ്ഫാം എന്നീ നഗരങ്ങൾ തൊട്ടുപിന്നിലുണ്ട്. അതേസമയം ഇസ്രായേൽ ഹമാസ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇക്കൊലം വളരെ ലളിതമായരീതിയിലാണ് യിസ്രായേലിലെ ക്രൈസ്തവർ ക്രിസ്തുമസ് ആഘോഷിക്കുക. ഇതിനിടെ ജെറുസലേം മുനിസിപ്പാലിറ്റി പതിവ് തെറ്റിക്കാതെ ഇക്കൊല്ലവും സൗജന്യ ക്രിസ്തുമസ് ട്രീകൾ വിതരണം ചെയ്യുന്നുണ്ട്. ഇക്കഴിഞ്ഞ ബുധനാഴ്ച ഏതാണ്ട് മുന്നൂറ്റിയൻപതോളം ട്രീകളാണ് ജെറുസലേം മുനിസിപ്പാലിറ്റി സൗജന്യമായി നൽകിയത്.

# കോവിഡ് കാലത്ത് ദേവാലയങ്ങൾ അടച്ചിട്ടത് മനുഷ്യരുടെ മാനസികാരോഗ്യത്തെ ബാധിച്ചു; സർവ്വേ റിപ്പോർട്ട്



ലണ്ടൻ: കോവിഡ് കാലത്ത് ദേവാലയങ്ങൾ അടച്ചിട്ടത് ആളുകളുടെ മാനസികാരോഗ്യത്തെ ദോഷകരമായി ബാധിച്ചുവെന്ന് ചൂണ്ടിക്കാട്ടുന്ന സർവ്വേ റിപ്പോർട്ട് പുറത്ത്. ആയിരത്തോളം വരുന്ന യുകെയിലെ ക്രൈസതവ വിശ്വാസികളുടെ ഇടയിൽ 'കാത്തലിക്ക് യൂണിയൻ ഓഫ് ഗ്രേറ്റ് ബ്രിട്ടൻ' ആണ് സർവ്വേ നടത്തിയത്. മൂന്നിൽ രണ്ട് ക്രൈസ്തവരും 62 ശതമാനം ആളുകളും, ആരാധനയിൽ പങ്കെടുക്കാൻ സാധിക്കാത്തത് മൂലം കോവിഡ് കാലത്ത് മാനസിക, ആത്മീയ സംഘർഷം അനുഭവിച്ചതായി വെളിപ്പെടുത്തി.

വ്യക്തികൾക്ക് ഡിപ്രഷൻ അടക്കം അനുഭവപ്പെട്ടതായും, തങ്ങളുടെ തന്നെ ജീവിതത്തിന്റെ ഒരു ഭാഗം നഷ്ടമായെന്ന തോന്നൽ ഉണ്ടായെന്നും അവർ വെളിപ്പെടുത്തിയിട്ടുണ്ട്. ദേവാലയങ്ങൾ, ആശുപത്രികൾ പോലെ അത്യാവശ്യ വിഭാഗത്തിൽപ്പെട്ടതു പോലെ പ്രധാനപ്പെട്ടതാണെന്നു സർവേയിൽ പങ്കെടുത്ത 90% പേരും പറഞ്ഞു. ദേവാലയങ്ങൾ അടച്ചുപൂട്ടാൻ തീരുമാനമെടുത്തപ്പോൾ വിശ്വാസികളുടെ ഭാഗം രാഷ്ട്രീയക്കാർ കണക്കിലെടുത്തില്ലായെന്ന അഭിപ്രായമാണ് 93% പേർക്കും ഉള്ളത്.

സർവേയിലെ കണ്ടെത്തൽ ഞെട്ടൽ ഉള്ളവാക്കുന്നതാണെന്നു കാത്തലിക്ക് യൂണിയന്റെ അധ്യക്ഷ പദവി വഹിക്കുന്ന ബാരോണസ് ഹോളിൻസ് പറഞ്ഞു. വിശ്വാസത്തെയും, വിശ്വാസി സമൂഹങ്ങളെയും തീരുമാനങ്ങൾ എടുത്ത സമയത്ത് മാറ്റിനിർത്തിയെന്ന തോന്നൽ പ്രബലമാണെന്ന് പറഞ്ഞ അവർ, കോവിഡ്19 എൻക്വയറി റിപ്പോർട്ടിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ടെന്ന് കൂട്ടിച്ചേർത്തു.


"for there is the sound of abundance of rain."
1 Kings 18:41
GILGAL
CHURCHOF GOD
SHARJAH
CONFERENCE
10:30AM - 01:30PM
CONVENTION
07:30PM - 10:00PM
Message
REV. DR. M.A VARGHESE
DEC
28
THU
SPIRITUAL
RAIN 2023
SHARJAH WORSHIP CENTER
MAIN HALL
For more details:
Rev. Dr. K.O Mathew: +971 50 646 3177

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 322
23 Saturday Pages 6
693

